(ബി) 2001 മേയ് മാസത്തിനുശേഷം 2005 മേയ് മാസംവരെ കടപ്പത്രങ്ങളിലൂടെ 6294.57 കോടി രൂപ സമാഹരിച്ചു. ഇതിൽ 1772.85 കോടി രൂപ ഡെറ്റ് സ്വാപ്പിനുവേണ്ടി സ്വരൂപിച്ചതാണ്.

(സി) 200.01 കോടി രൂപ.

(ഡി) 1052.81 കോടി രൂപ.

പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ശുപാർശകൾ

9 [3262] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ശുപാർശകൾ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് അനുകൂലമാണോ; അല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) കമ്മീഷൻ മുമ്പാകെ സംസ്ഥാന സർക്കാരും വിവിധ രാഷ്ട്രീയ പാർട്ടികളും സമർപ്പിച്ച നിവേദനങ്ങൾക്ക് അർഹമായ പരിഗണന ലഭിച്ചുവോ; ഇല്ലെങ്കിൽ അവഗണനയ്ക്ക് എതിരേ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ശുപാർശകൾ അനുസരിച്ച് വിവിധ ഇനങ്ങളിലായി സംസ്ഥാനത്തിന് എന്ത് തുക വീതം ഓരോ വർഷവും ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ ഇനത്തിലും കമ്മീഷൻ അവാർഡ് ചെയ്തിരിക്കുന്ന തുക പത്ത്, പതിനൊന്ന് ധനകാര്യ കമ്മീഷനുകളുടെ അവാർഡ് തുകയേക്കാൾ എത്ര കൂടിയെന്നും കുറഞ്ഞുവെന്നും വ്യക്തമാക്കുമോ;

(ഇ) വിദ്യാഭ്യാസം, ആരോഗ്യം മുതലായ രംഗങ്ങളിൽ സംസ്ഥാനം നേരിടുന്ന രണ്ടാംതലമുറ പ്രശ്നങ്ങൾക്കും അധികാര വികേന്ദ്രീകരണ രംഗത്ത് കൈവരിച്ച നേട്ടങ്ങൾക്കും കമ്മീഷൻ അർഹമായ പരിഗണന നൽകുകയുണ്ടായോ; എന്തു തുക ഗ്രാന്റായി അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഗുണകരമാണെന്ന് പറയാൻ കഴിയില്ല. ധനകാര്യ കമ്മീഷൻ പിന്നോക്കാവസ്ഥയ്ക്ക് കൂടുതൽ പ്രാമുഖ്യം നൽകിയതിനാൽ മാനവശേഷി വികസനത്തിലും ആരോഗ്യ മേഖലയിലും മുന്നോക്കം നിൽക്കുന്ന കേരളത്തിന് 12-ാം ധനകാര്യ കമ്മീഷൻ ശുപാർശകൾ ഗുണകരമല്ല.

(ബി) ഇല്ല. ഭരണഘടന അനുസരിച്ച് നൽകുന്ന ശുപാർശയായതിനാൽ അത് കേന്ദ്ര സർക്കാർ അംഗീകരിച്ച് കഴിഞ്ഞാൽ ഇതിൽ മാറ്റം വരുത്തുവാൻ കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന് സാധിക്കുകയില്ല. എന്നിരുന്നാലും സംസ്ഥാനത്തിന്റെ ബുദ്ധിമുട്ടുകൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി കൂടുതൽ ആനുകൂല്യങ്ങൾ നേടുന്നതിന് ശ്രമിക്കും.

(സി) മറുപടി അനുബന്ധം 1-ൽ കണ്ടാലും.†

(ഡി) അനുബന്ധം 2-ൽ കണ്ടാലും.‡

(ഇ) ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ സംസ്ഥാനത്തിന്റെ മുന്നോക്കാവസ്ഥ പരിഗണിച്ച് പ്രത്യേക തുകയൊന്നും ധനകാര്യ കമ്മീഷൻ വകയിരുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക ധനസഹായത്തിൽ സ്കൂൾ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

എ.ഡി.ബി. യിൽ നിന്ന് ലഭിച്ച ധനസഹായം എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമായി ചെലവഴിച്ചു എന്ന പരാതി

10 [3263] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി. യിൽ നിന്ന് കഴിഞ്ഞ 4 വർഷത്തിനുള്ളിൽ ലഭിച്ച ധനസഹായം ഏതൊക്കെ പദ്ധതികൾക്കായിട്ടാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എ.ഡി.ബി. യിൽ നിന്നു ലഭിച്ച ധനസഹായം എഗ്രിമെന്റു വ്യവസ്ഥകൾക്ക് വിരുദ്ധമായി മറ്റ് ആവശ്യങ്ങൾക്കായി ചെലവഴിച്ചു എന്ന പരാതി എ.ഡി.ബി. ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച് എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) എ.ഡി.ബി. യിൽ നിന്ന് വായ്പയായി ലഭിച്ച സംഖ്യക്ക് പലിശയിനത്തിൽ മൊത്തം എത്ര തുക വരും എന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ പലിശത്തുക കൊടുത്തുതീർക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഡി) എ.ഡി.ബി. യിൽ നിന്ന് ഇനി ലഭിക്കുവാനുള്ള സംഖ്യ എത്രയാണ്; ഈ സംഖ്യ ഏത് ആവശ്യത്തിനാണ് വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) എ.ഡി.ബി. യുടെ ഉദ്യോഗസ്ഥന്മാർ സംസ്ഥാന ധനകാര്യ വകുപ്പിനെ സഹായിക്കുന്നതിനോ, ഉപദേശം നൽകുന്നതിനോ ആയി പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എ.ഡി.ബി. യിൽ നിന്നും സാമ്പത്തിക പരിഷ്കരണത്തിനും ഭരണ നവീകരണത്തിനുമായി 225 മില്യൺ ഡോളർ (1036.50 കോടി രൂപ)

†അനുബന്ധം III കാണുക.

‡അനുബന്ധം III (എ) കാണുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[10-8-2005-ലെ 9 (3262)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

പന്ത്രണ്ടാം ധനകാര്യകമ്മീഷൻ (2005-2010)

(രൂപ കോടിയിൽ)

ക്രമ നം.	*മേഖല*	*2005-2006*	*2006-2007*	*2007-2008*	*2008-2009*	*2009-2010*	*ആകെ*
1	പദ്ധതിയേതര റവന്യൂ കമ്മി നികത്തുന്നതിനുള്ള ധനസഹായം	470.37	..	..	..	..	470.37
2	അറ്റകുറ്റപ്പണികൾക്കുള്ള ധനസഹായം						
	(a) റോഡുകൾ, പാലങ്ങൾ	..	160.58	160.58	160.58	160.58	642.32
	(b) പൊതുകെട്ടിടങ്ങൾ	..	25.88	25.88	25.87	25.87	103.50
	(c) വനം	5.00	5.00	5.00	5.00	5.00	25.00
	(d) പൈതൃകസ്വത്ത് സംരക്ഷണം	..	6.25	6.25	6.25	6.25	25.00

LIBRARY ARCHIVES Kerala Legislative Assembly

3	സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക ധനസഹായം	..	125.00	125.00	125.00	125.00	500.00
4	തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം	226.80	226.80	226.80	226.80	226.80	1,134.00
5	ദുരിതാശ്വാസനിധി	64.13	67.33	70.70	74.23	77.93	354.32
	ആകെ	766.30	616.84	620.21	623.73	627.43	3254.51
6	കേന്ദ്ര നികുതി ചുങ്കവിഹിതം (2005-2010)						16,353.21
	ആകെ	**766.30**	**616.84**	**620.21**	**623.73**	**627.43**	**19,607.72**

കുറിപ്പ്: 1. ആരോഗ്യം, വിദ്യാഭ്യാസം എന്നിവയ്ക്കുള്ള ഗ്രാന്റിന്റെ വിഹിതം കേരളത്തിനില്ല.

2. കേന്ദ്രനികുതി ചുങ്കവിഹിതം അടുത്ത അഞ്ച് വർഷം കേന്ദ്രഗവൺമെന്റ് പിരിച്ചെടുക്കും എന്ന് കണക്കാക്കപ്പെട്ടിരിക്കുന്ന തുകയുടെ 1% ആണ്. പിരിച്ചെടുക്കുന്ന തുക കുറഞ്ഞാൽ സംസ്ഥാന സർക്കാർ വിഹിതവും കുറയും.

അനുബന്ധം III (എ)

[10-8-2005-ലെ (3262)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

മേഖല	പത്താം ധനകാര്യ കമ്മീഷൻ	പതിനൊന്നാം ധനകാര്യ കമ്മീഷൻ	പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ
(1)	(2)	(3)	(4)
1 കേന്ദ്ര നികുതി – ചുങ്കവിഹിതം*	7217.00	11504.04	16353.21
2 തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം	204.24	404.88	1134.00
3 ദുരിതാശ്വാസനിധി	218.74	278.66	354.32
4 സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക ഗ്രാന്റ്	52.00	..	500.00
5 പദ്ധതിയേതര റവന്യൂകമ്മി നികത്തുന്നതിനുള്ള ധനസഹായം	..	..	470.37
6 ഭരണനിലവാരം ഉയർത്തുന്നതിനുള്ള ഗ്രാന്റ്		..	
(a) വിദ്യാഭ്യാസം:			
(i) റെക്കാർഡ് റൂം		..	
(ii) പ്രൈമറി സ്കൂളുകൾ	3.48		
(iii) അപ്പർ പ്രൈമറി സ്കൂളുകൾ	2.40	1.00	
(iv) സ്കൂൾ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം	1.99	6.02	
(v) പബ്ലിക് ലൈബ്രറി		3.80	
(b) പോലീസ് ഭരണം:		23.00	
(i) പോലീസ് സ്റ്റേഷൻ, ഔട്ട് പോസ്റ്റുകൾ സ്ഥാപിക്കൽ	1.28		
(ii) പോലീസ് പാർപ്പിടം	10.29		
(iii) പോലീസ് പരിശീലനം	1.92		
(iv) പോലീസ് ടെലികമ്മ്യൂണിക്കേഷൻ	3.22		
(v) അഗ്നിശമനസേന	3.00	3.00	
(c) ജയിൽ ഭരണം:			
(i) ജയിൽ കെട്ടിടങ്ങൾ പുനരുദ്ധാരണവും, അറ്റകുറ്റപ്പണികളും		10.87	
(ii) പൈതൃകസ്വത്ത് സംരക്ഷണം	1.40	2.00	

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
(iii) പരമ്പരാഗത ജലസ്രോതസ്സുകൾ വർദ്ധിപ്പിക്കൽ		6.45	
(iv) കടൽ കയറ്റം തടയൽ		50.00	
(v) ജയിലിൽ വൈദ്യസഹായം		11.00	
(vi) ഫിസ്ക്കൽ ഭരണനിർവ്വഹണം			
(vii) ആരോഗ്യരംഗം	0.84	9.00	
(d) അറ്റകുറ്റപ്പണികൾക്കുള്ള ധനസഹായം			795 82
ആകെ	7721.81	12316.72	19607 72

*കുറിപ്പ്: — കേന്ദ്ര നികുതി ചുങ്കവിഹിതം 10, 11, 12 എന്നീ ധനകാര്യ കമ്മീഷൻ അവാർഡുകൾപ്രകാരം മൊത്തം ഡിവിസിബിൾ പൂളിന്റെ യഥാക്രമം 3.875%, 3.057%, 2.665% എന്നിങ്ങനെയാണ്. അതായത് പത്താം ധനകാര്യ കമ്മീഷൻ അവാർഡ് (3.875%) വച്ച് നോക്കുമ്പോൾ പതിനൊന്നാം ധനകാര്യകമ്മീഷൻ അവാർഡ് (3.057%) മുൻ കമ്മീഷനേക്കാൾ 21% കണ്ട് കുറഞ്ഞു. പന്ത്രണ്ടാം ധനകാര്യകമ്മീഷനിൽ (2.665%) ഇത് വീണ്ടും മുൻ കമ്മീഷനെ അപേക്ഷിച്ച് 13% കണ്ട് കുറഞ്ഞു. ഡിവിസിബിൾ പൂൾ അടുത്ത അഞ്ച് വർഷം 6,13,600 കോടി രൂപ എന്ന് കണക്കാക്കിയിരിക്കുന്നതിനാൽ അഞ്ച് വർഷം കൊണ്ട് കേരളത്തിന്റെ വിഹിതത്തിൽ വരുന്ന കുറവ് ഏതാണ്ട് 2400 കോടി രൂപയായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly